(ഡി) സംസ്ഥാന മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നുള്ള ഓർഡറുകളുടെ ലഭ്യതക്കുറവുമൂലമുണ്ടാകുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി മറ്റു സംസ്ഥാനങ്ങളിൽനിന്നുള്ള ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ വർഷം ആന്ധ്രാ സർക്കാരിൽനിന്നും 10.88 കോടി രൂപയുടെ ഓർഡറുകൾ ലഭിച്ചിട്ടുണ്ട്. കർണ്ണാടക സർക്കാരിൽനിന്നും ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. പുതിയ പ്രോജക്ടുകൾ തീരുന്ന മുറക്ക് GMP ലൈസൻസോടുകൂടിയ കൂടുതൽ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## ഗ്ലോബൽ ആയുർവേദ വില്ലേജ്

177 (3951) ശ്രീ. വി. ശശി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു ഗ്ലോബൽ ആയുർവേദ വില്ലേജ് സ്ഥാപിക്കുന്നതിനായി 2012-13-ലെ ബഡ്ജറ്റിൽ വകയിരുത്തിയ അഞ്ച് കോടി രൂപയിൽ എത്ര തുക എന്തൊക്കെ പരിപാടികൾ നടപ്പാക്കാനായി വിനിയോഗിച്ചുവെന്ന് വിശദീകരിക്കാമോ ;

(ബി) ഈ പദ്ധതിയുടെ ലക്ഷ്യം ഈ സാമ്പത്തിക വർഷാവസാനത്തോടെ പൂർത്തീകരിക്കുമോ ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

## ഉത്തരം

(എ&ബി) സംസ്ഥാനത്ത് ഗ്ലോബൽ ആയുർവേദ വില്ലേജ് സ്ഥാപിക്കുന്നതിനായി 2012-13-ലെ ബഡ്ജറ്റിൽ അഞ്ചുകോടി രൂപ വകയിരുത്തിയിരുന്നുവെങ്കിലും തുക അനുവദിച്ചിട്ടില്ല. 36 മാസത്തിനുള്ളിൽ പദ്ധതി ഘട്ടം ഘട്ടമായി പൂർത്തിയാക്കാൻ സാധിക്കുമെന്ന് കരുതുന്നു.

## ഭക്ഷ്യ സംസ്കരണ വ്യവസായത്തിനുള്ള സഹായം

178 (3952) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യസംസ്കരണ വ്യവസായത്തിന് സർക്കാർ നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) ഭക്ഷ്യോൽപ്പന്ന വിപണി വിപുലീകരിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) ജൈവഭക്ഷ്യ പദാർത്ഥങ്ങളുടെ ഉൽപ്പാദനത്തിന് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ?



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ&ബി) കേന്ദ്ര ഭക്ഷ്യ സംസ്ക്കരണ മന്ത്രാലയത്തിന്റെ ദേശീയ ഭക്ഷ്യ സംസ്ക്കരണ മിഷന്റെ മാർഗ്ഗനിർദ്ദേശം അനുസരിച്ച് സാമ്പത്തിക സഹായത്തിന്റെ കേന്ദ്ര വിഹിതം 75% വും സംസ്ഥാന വിഹിതം 25% വുമാണ്. ഇതുപ്രകാരം ഭക്ഷ്യസംസ്ക്കരണ മന്ത്രാലയം 2012-13 സാമ്പത്തിക വർഷത്തിൽ 4.73 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഭക്ഷ്യ സംസ്ക്കരണ മന്ത്രാലയം പ്രാരംഭ ചെലവുകൾക്കായി 1.50 കോടി രൂപയും നൽകിയിരുന്നു. സംസ്ഥാന സർക്കാരിന്റെ വിഹിതമായി 4.5 കോടി രൂപയും ലഭ്യമാക്കിയിട്ടുണ്ട്. കേന്ദ്ര ഭക്ഷ്യ സംസ്ക്കരണ മന്ത്രാലയം നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ ഭക്ഷ്യ സംസ്ക്കരണ മേഖലയുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. ഭക്ഷ്യ സംസ്ക്കരണ വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനും/ അവയുടെ ആധുനികവൽക്കരണത്തിനും, വികസനത്തിലും വേണ്ടിയുള്ള പദ്ധതി-സംരംഭകന് പരമാവധി ലഭിക്കുന്ന ഗ്രാന്റ്-50 ലക്ഷം രൂപ.

2. Cold Chain സംവിധാനങ്ങൾ (for non horticultural products) സംരംഭകന് പരമാവധി ലഭിക്കുന്ന ഗ്രാന്റ്-7 കോടി രൂപ

3. അറവുശാലകളുടെ ആധുനികവൽക്കരണം പരമാവധി ഗ്രാന്റ്-15 കോടി രൂപ

4. മാനവ വിഭവശേഷി വികസനത്തിനുള്ള പദ്ധതി-ഇതുമായി ബന്ധപ്പെട്ട് ഭക്ഷ്യ സാങ്കേതിക വിദ്യകളിൽ Degree/ Diploma/Certificate കോഴ്സുകൾ നടത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് സംരംഭകന് ലഭിക്കുന്ന പരാമവധി ഗ്രാന്റ്-100 ലക്ഷം രൂപ. വ്യവസായ സംരംഭകത്വം വികസിപ്പിക്കുന്ന പദ്ധതി (Entrepreneurship Development Programme) സംരംഭകന് ലഭിക്കുന്ന ഗ്രാന്റ്-3 ലക്ഷം രൂപ

5. ഭക്ഷ്യ സംസ്ക്കരണ പരിശീലന കേന്ദ്രം-സംരംഭകന് പരാമവധി ലഭിക്കുന്ന ഗ്രാന്റ്-15 ലക്ഷം രൂപ

6. ഭക്ഷ്യ സംസ്ക്കരണ മേഖലയിലെ പ്രോത്സാഹനങ്ങൾക്കായുള്ള പദ്ധതി-സംരംഭകന് പരമാവധി ലഭിക്കുന്ന ഗ്രാന്റ്-4 ലക്ഷം രൂപ

7. ഗ്രാമീണ മേഖലയിൽ പ്രാഥമിക സംസ്ക്കരണ കേന്ദ്രങ്ങൾ/ കളക്ഷൻ കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ-പരമാവധി 2.5 കോടി രൂപ

8. Reefer വാനുകൾ- പരമാവധി 50 ലക്ഷം രൂപ

ഇവകൂടാതെ കിൻഫ്ര സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുള്ള ഭക്ഷ്യ സംസ്ക്കരണ പാർക്കിൽ വ്യവസായ ആവശ്യങ്ങൾക്ക് പൊതുവായ അടിസ്ഥാന സൗകര്യം എന്ന നിലയിൽ കോൾഡ് സ്റ്റോറേജ്, ഗുണനിലവാര പരിശോധന ലാബുകൾ, എഫ്ളുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്, ബിസിനസ് ഇൻക്യൂബേറ്റർ സംവിധാനം എന്നിവയും ലഭ്യമാക്കിയിട്ടുണ്ട്. വ്യവസായ വാണിജ്യവകുപ്പ് മുഖാന്തിരം ഭക്ഷ്യ സംസ്ക്കരണ വ്യവസായം സംരംഭകത്വ സഹായപദ്ധതയിൽ ഉൾപ്പെടുത്തി മറ്റ് വ്യവസായങ്ങൾക്ക് അനുവദിക്കുന്നതുപോലെ സാമ്പത്തികസഹായം അനുവദിക്കാറുണ്ട്. കൂടാതെ ഭക്ഷ്യസംസ്ക്കരണ വ്യവസായം സംരംഭകത്വ സഹായപദ്ധതി പ്രകാരം മുൻഗണനാ വ്യവസായത്തിൽ ഉൾപ്പെടുത്തി മൊത്തം ഫിക്സഡ് ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റിന്റെ 10% (പരമാവധി 10 ലക്ഷം രൂപ വരെ) അധികമായി അനുവദിക്കാറുണ്ട്.

(സി) ജൈവഭക്ഷ്യ പദാർത്ഥങ്ങളുടെ ഉൽപ്പാദനത്തിന് പ്രത്യേകമായി ആനുകൂല്യങ്ങൾ ഇല്ല. എന്നാൽ പൊതുവായ പദ്ധതികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ താഴെപറയുന്നവയാണ് :

1. ഭക്ഷ്യ സംസ്ക്കരണ വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനും/ അവയുടെ ആധുനികവൽക്കരണത്തിനും, വികസനത്തിലും വേണ്ടിയുള്ള പദ്ധതി-സംരംഭകന് പരമാവധി ലഭിക്കുന്ന ഗ്രാന്റ്-50 ലക്ഷം രൂപ.

2. Cold Chain സംവിധാനങ്ങൾ (for non horticultural products) സംരംഭകന് പരമാവധി ലഭിക്കുന്ന ഗ്രാന്റ്-7 കോടി രൂപ

3. ഗ്രാമീണ മേഖലയിൽ പ്രാഥമിക സംസ്ക്കരണ കേന്ദ്രങ്ങൾ/ കളക്ഷൻ കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ-പരമാവധി 2.5 കോടി രൂപ

വ്യവസായ വാണിജ്യ വകുപ്പിൽ സംരംഭകത്വ സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി ജൈവഭക്ഷ്യ പദാർത്ഥങ്ങളുടെ ഉൽപ്പാദനത്തിന് ഊന്നൽ നൽകി യൂണിറ്റ് ഒന്നിന് പരമാവധി 10 ലക്ഷം രൂപ വരെ അധിക സബ്സിഡി നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly